ENTRI

# WOMEN CIVIL EXCISE OFFICER

## ANSWER KEY

**07 FEBRUARY 2026**



1. താഴെ പറയുന്നവയിൽ കൺകറന്റ് ലിസ്റ്റ് (Concurrent list) ൽ ഉൾപ്പെട്ട വിഷയം ഏത് ?

A) വ്യാപാരവും വാണിജ്യവും

B) പൊതുജന ആരോഗ്യം

C) കൃഷി

D) ട്രേഡ് യൂണിയനുകൾ

2. അമേരിക്കയിലെ റിപ്പബ്ലിക്കൻ പാർട്ടിയുടെ തെരഞ്ഞെടുപ്പ് ചിഹ്നം ഏത് ?

A) കുതിര

B) കഴുത

C) ആന

D) സീബ്ര

3. 2018-ലെ പ്രളയത്തിൽ പൂർണ്ണമായോ, ഭാഗികമായോ വീട് തകർന്നവരിൽ ഉൾപ്പെട്ട കിടപ്പുരോഗികൾക്കും, ഭിന്നശേഷിക്കാർക്കും അധികധനസഹായം നൽകുന്നതിന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ പദ്ധതി ഏത് ?

A) ആശ്വാസകിരണം പദ്ധതി

B) പ്രത്യുത്ഥാനം പദ്ധതി

C) സഹജീവനം പദ്ധതി

D) മിത്രം പദ്ധതി

4. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ സല്ലാപം, മന്ദഹാസം പദ്ധതികൾ സമൂഹത്തിലെ ഏത് വിഭാഗത്തെയാണ് ഉൾക്കൊള്ളുന്നത് ?

A) ഭിന്നശേഷി വിഭാഗം

B) യുവജനങ്ങൾ

C) വയോജനങ്ങൾ

D) വിദ്യാർത്ഥികൾ

5. പതിനഞ്ച് മുതൽ മുപ്പത്തി അഞ്ച് വയസ്സുവരെയുള്ള യുവജനങ്ങൾക്ക് സാംസ്കാരിക, കലാ, കായിക മത്സരങ്ങളിൽ കഴിവ് തെളിയിക്കുന്നതിനുവേണ്ടി കേരളസർക്കാർ നടപ്പിലാക്കിയ പദ്ധതി ഏത് ?

A) യുവശക്തി

B) കേരളീയം

C) സ്റ്റാർഷ് പദ്ധതി

D) യുവജന കമ്മീഷൻ

6. ശിലാരൂപീകരണവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന കണ്ടെത്തുക.

 i. പ്രദേശിക കായാന്തരീകരണത്തിൽ മാഗ്മയുടെ ചൂട് കാരണം ശിലകൾക്ക് പുനപരലീകരണം സംഭവിക്കുന്നു.

 ii. ബലതന്ത്ര കായാന്തരീകരണത്തിൽ ശിലകൾ പൊടിഞ്ഞ് പുനപരലീകരണം സംഭവിക്കുന്നു.

 iii. സമ്പർക്ക കായാന്തരീകരണത്തിൽ ടെക്ടോണിക് ചലനത്താൽ ശിലകൾക്ക് പുനപരലീകരണം സംഭവിക്കുന്നു.

 A) i മാത്രം
 B) ii മാത്രം
 C) iii മാത്രം
 D) (i, ii, iii) മൂന്നും

7. 2025 വർഷത്തിൽ പ്രസിദ്ധപ്പെടുത്തിയ ആഗോള പട്ടിണി സൂചിക അനുസരിച്ച് ഏറ്റവും ദരിദ്രമായ രാഷ്ട്രം ഏതാണ് ?

 A) ഹെയ്തി
 B) സുഡാൻ
 C) പാപുവ ന്യൂ ഗിനിയ
 D) സോമാലിയ

8. ഹരിത വിപ്ലവവുമായി ബന്ധപ്പെട്ട് താഴെ പറയുന്നതിൽ ശരിയായത് ഏത് ?

 i. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ.

 ii. രാസവളങ്ങളും കീടനാശിനികളും.

 iii. ദരിദ്ര കർഷകർ, ധനിക കർഷകർ എന്നിങ്ങനെയുള്ള അന്തരം ഇല്ലാതായി.

 A) i & iii
 B) i & ii
 C) i, ii & iii
 D) ii & iii

9. പുത്തൻ സാമ്പത്തിക പരിഷ്ക്കാരത്തിൽ പെടാത്തത് ഏത് ?

 i. ഉദാരവത്ക്കരണം

 ii. വ്യവസായ വത്ക്കരണം

 iii. സ്വകാര്യ വത്ക്കരണം

 iv. ആഗോള വത്ക്കരണം

 A) ii മാത്രം
 B) iii മാത്രം
 C) i & iv
 D) ഇവയെല്ലാം

10. ഇന്ത്യൻ പ്ലാനിങ്ങുമായി ബന്ധപ്പെട്ട് ശരിയല്ലാത്തത് ഏത് ?
    i. ഇന്ത്യൻ പ്ലാനിങ്ങിന്റെ ശില്പി പി. സി. മഹാലനോബിസ് ആണ്.
    ii. സോവിയേറ്റ് മാതൃകയിലുള്ള പഞ്ചവത്സര പദ്ധതികളാണ് ഇന്ത്യ സ്വീകരിച്ചത്.
    iii. 1947 ലാണ് ഇന്ത്യയിൽ പ്ലാനിംഗ് ആരംഭിച്ചത്.

A) i & ii
B) ii മാത്രം
C) iii മാത്രം
D) ii & iii

11. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ കാലഗണനാക്രമം ഏത് ?
    i. മാർത്താണ്ഡവർമ്മയുടെ സ്ഥാനാരോഹണം
    ii. കുളച്ചൽ യുദ്ധം
    iii. ആറ്റിങ്ങൽ കലാപം
    iv. ശ്രീരംഗപട്ടണം ഉടമ്പടി

A) i, ii, iii, iv
B) i, iii, iv, ii
C) iii, i, ii, iv
D) iv, i, iii, ii

12. താഴെ കൊടുത്തിരിക്കുന്നവയിൽ തെറ്റായ ജോടി കണ്ടെത്തുക.

| | | |
|---|---|---|
| i. ആത്മ വിദ്യാസംഘം | – | വൈകുണ്ഠ സ്വാമികൾ |
| ii. അരയ സമാജം | – | പണ്ഡിറ്റ് കെ. പി. കറുപ്പൻ |
| iii. പ്രത്യക്ഷരക്ഷാദൈവസഭ | – | കുമാരഗുരുദേവൻ |
| iv. യോഗക്ഷേമസഭ | – | അയ്യങ്കാളി |

A) i, iv
B) i, ii
C) i, ii, iv
D) ii, iii, iv

13. താഴെ തന്നിരിക്കുന്നതിൽ 1857-ലെ കലാപവുമായി ബന്ധപ്പെട്ട പ്രസ്താവനയിൽ ശരിയായത് ഏത് ?
    i. കലാപത്തിൽ ഡൽഹിയിൽ നേതൃത്വം നൽകിയത് നാനാസാഹിബ് ആണ്.
    ii. ഒരു ദിവസം നമ്മുടെ വായിൽ അകപ്പെടാൻ പോകുന്ന ഒരു ചെറിയായി അവധ് വിശേഷിപ്പിക്കപ്പെട്ടു.
    iii. തോമസ് ജോൺസ് ബാർക്കർ 1859-ൽ വരച്ച ചിത്രമാണ് ഇൻ-മെമ്മോറിയം.
    iv. 1857 മെയ് 10-ന് മീററ്റിലാണ് കലാപം ആരംഭിച്ചത്.

A) i, iii, iv
B) ii, iv
C) ii, iii, iv
D) iii, iv

14. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ച് ബന്ധമില്ലാത്തവ കണ്ടെത്തുക.

i. 1922-ലെ ചൗരിചൗരാ സംഭവത്തെ തുടർന്ന് ഗാന്ധിജി സിവിൽ നിയമ ലംഘന പ്രസ്ഥാനം നിർത്തലാക്കി.

ii. ക്രിപ്സ് ദൗത്യത്തിന്റെ പരാജയത്തെ തുടർന്ന് ഗാന്ധിജി ക്വിറ്റ് ഇന്ത്യ പ്രക്ഷോഭം ആരംഭിച്ചു.

iii. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ 1929-ലെ ലാഹോർ സമ്മേളനത്തിൽ ജവഹർലാൽ നെഹ്റു പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

iv. 1930 മാർച്ച് 12-ന് ഗാന്ധിജിയും അനുയായികളും ദണ്ഡിയാത്ര ആരംഭിച്ചു.

A) i, iii B) ii, iv C) i D) i, iv

15. ചുവടെ തന്നിട്ടുള്ളവയിൽ നിന്ന് ശരിയായ ജോടി കണ്ടെത്തുക.

i. ലൈഫ് വീക്കിലി – സാവോ താവോ ഫെൻ

ii. ലോംഗ് മാർച്ച് – സൺ യത് സെൻ

iii. എനിക്ക് ശേഷം പ്രളയം – ലൂയി 15-ാമൻ

iv. സോഷ്യൽ കോൺട്രാക്ട് – വോൾട്ടയർ

A) i, ii, iii B) i, iii, iv

C) ii, iii D) i, iii

16. ഇന്ത്യയുടെ ആദ്യത്തെ എക്സ്-റേ പോളറിമീറ്റർ ഉപഗ്രഹമാണ് XPoSat. എക്സ്-റേ പോളറിമെട്രി സാങ്കേതികവിദ്യ വഴി XPoSat ന് പഠന വിധേയമാക്കാൻ കഴിയാത്ത ആകാശവസ്തുക്കൾ ഏതെല്ലാം ?

A) എക്സോപ്ലാനറ്റുകളും ധൂമകേതുക്കളും

B) തമോഗർത്തങ്ങളും അവയുടെ ബൈനറികളും

C) ന്യൂട്രോൺ നക്ഷത്രങ്ങളും പൾസാറുകളും

D) ആക്ടീവ് ഗാലാക്ടിക് ന്യൂക്ലിയസുകൾ

17. യഥാർത്ഥ വാതകങ്ങൾ ആദർശ സ്വഭാവം കാണിക്കുന്നത് ഏതെല്ലാം സാഹചര്യങ്ങളിൽ ആണ് ?

A) താഴ്ന്ന മർദ്ദം, താഴ്ന്ന താപനില

B) താഴ്ന്ന മർദ്ദം, ഉയർന്ന താപനില

C) ഉയർന്ന മർദ്ദം, ഉയർന്ന താപനില

D) ഉയർന്ന മർദ്ദം, താഴ്ന്ന താപനില

18. ഒരു ലായനിയുടെ pH മൂല്യം 3 ആണെങ്കിൽ, അതിന്റെ ഹൈഡ്രോണിയം അയോൺ ഗാഢത എത്രയായിരിക്കും ?

A) $1.0 \times 10^{-3}$ M

B) $1.0 \times 10^{-7}$ M

C) $1.0 \times 10^{3}$ M

D) $1.0 \times 10^{7}$ M

19. താഴെ കൊടുത്തിരിക്കുന്ന ജോഡികളിൽ സമഇലക്ട്രോണിക വർഗങ്ങൾ ആയത് ഏതൊക്കെയാണ് ?

i. $Na^+$, $K^+$

ii. $Na^+$, $F^-$

iii. $O^{2-}$, $Mg^{2+}$

iv. $Ca^{2+}$, $Al^{3+}$

A) i & ii

B) ii & iii

C) ii & iv

D) i & iii

20. പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി 2005-ൽ പ്രഖ്യാപിച്ച ഏത് മിഷനാണ് ഇന്ത്യയുടെ "അയൺ-ഡോം-പോലുള്ള" പ്രതിരോധ സംവിധാനമായി വിശേഷിപ്പിക്കപ്പെടുന്നത് ?

A) മിഷൻ വജ്ര

B) മിഷൻ ചക്ര

C) മിഷൻ സുദർശൻ ചക്ര

D) മിഷൻ തൃശൂൽ

21. കേരളത്തിലെ ആദ്യത്തെ സ്കിൻ ബാങ്ക് എവിടെ ആരംഭിച്ചു ?

A) ഗവൺമെന്റ് മെഡിക്കൽ കോളേജ് ആലപ്പുഴ

B) ഗവൺമെന്റ് മെഡിക്കൽ കോളേജ് തിരുവനന്തപുരം

C) ഗവൺമെന്റ് മെഡിക്കൽ കോളേജ് കോഴിക്കോട്

D) ഇവയൊന്നുമല്ല

22. ടോയ്ലറ്റുകളിൽ നിന്ന് ഉത്ഭവിക്കുന്നതും മനുഷ്യമാലിന്യങ്ങൾ അടങ്ങിയതുമായ മലിന ജലമാണ്

A) ഗ്രേവാട്ടർ

B) റെഡ് വാട്ടർ

C) ബ്ലാക്ക് വാട്ടർ

D) ഇവയൊന്നുമല്ല

23. താഴെപ്പറയുന്നവയിൽ നീളത്തിന്റെ യൂണിറ്റുകൾ ഏതെല്ലാമാണ് ?

i. പ്രകാശവർഷം

ii. റേഡിയൻ

iii. പാർസെക്

iv. ന്യൂട്ടൻ മീറ്റർ

A) i & ii

B) i & iii

C) ii & iii

D) iii & iv

24. ക്രിക്കറ്റ് കളിയിൽ ഒരു ബാറ്റ്സ്മാൻ പന്ത് തറനിരപ്പിൽ നിന്നും 45 ഡിഗ്രി കോണളവിൽ അടിച്ചാലാണ് സിക്സർ ലഭിക്കാൻ ഏറ്റവും സാധ്യത. ഇതിനു പിന്നിലെ ശാസ്ത്രീയ കാരണം ഏറ്റവും ഉചിതമായി വിശദീകരിക്കുന്നത്

A) 45 ഡിഗ്രി കോണളവിൽ പന്തടിക്കുമ്പോൾ പന്തിന്റെ തിരശ്ചീന വേഗഘടകം പരമാവധി ആയതിനാൽ

B) 45 ഡിഗ്രി കോണളവിൽ പന്തടിക്കുമ്പോൾ പന്തിന്റെ ലംബ വേഗഘടകം പരമാവധി ആയതിനാൽ

C) 45 ഡിഗ്രി കോണളവിൽ പന്തടിക്കുമ്പോൾ പന്തിന്റെ ലംബ വേഗഘടകവും തിരശ്ചീന വേഗഘടകവും തുല്യമായതിനാൽ

D) 45 ഡിഗ്രി കോണളവിൽ പന്തടിക്കുമ്പോൾ വായു പ്രതിരോധം പൂർണ്ണമായും ഇല്ലാതാകുന്നതിനാൽ

25. ജലലഭ്യത വളരെ കുറഞ്ഞ പ്രദേശങ്ങളിൽ ജലസംരക്ഷണം പരമാവധി ഉറപ്പാക്കിക്കൊണ്ട് ചെടികൾക്ക് കൃത്യമായ അളവിൽ വെള്ളം ലഭ്യമാക്കാൻ സഹായിക്കുന്ന ഒരു ജലസേചന രീതിയാണ് തിരിനന. തിരിനനയിൽ താഴെപ്പറയുന്ന ഏത് ഭൗതിക പ്രതിഭാസമാണ് പ്രയോജനപ്പെടുത്തിയിരിക്കുന്നത് ?

A) വിസ്കോസിറ്റി

B) പ്ലവനതത്വം

C) ധാരാരേഖീയ പ്രവാഹം

D) കേശികത്വം

26. അവിശ്വാസ പ്രമേയം (No confidence motion) വുമായി ബന്ധപ്പെട്ട് ശരി അല്ലാത്ത പ്രസ്താവന ഏത് ?

i. അവിശ്വാസ പ്രമേയം പാസ്സായാൽ പകരം മന്ത്രിസഭ നിലവിൽ വരുന്നതുവരെ നിലവിലെ മന്ത്രിസഭ തുടരുന്നു.

ii. അവിശ്വാസ പ്രമേയത്തിന് സ്പീക്കറുടെ അനുമതി ആവശ്യമാണ്.

iii. രണ്ട് അവിശ്വാസ പ്രമേയങ്ങൾ തമ്മിലുള്ള കാലയളവ് '3' മാസമായിരിക്കും. (മൂന്ന് മാസം)

A) i & ii മാത്രം

B) ii & iii മാത്രം

C) i & iii മാത്രം

D) (i, ii & iii) മുകളിൽ പറഞ്ഞവയെല്ലാം

27. മൗലിക അവകാശ (Fundamental Rights) ങ്ങളുടെ സവിശേഷതകളിൽ ശരിയായവ ഏതെല്ലാം ?

i. ഭരണകൂടത്തിന്റെ അധികാരത്തെ നിയന്ത്രിക്കുന്നു.

ii. കോടതി മുഖേന സ്ഥാപിച്ചു കിട്ടുന്നു.

iii. മൗലിക അവകാശങ്ങളിൽ ചിലത് ഇന്ത്യയിലെ വിദേശ പൗരന്മാർക്കും ലഭ്യമായ അവകാശമാണ്.

A) i & ii മാത്രം

B) ii & iii മാത്രം

C) i & iii മാത്രം

D) (i, ii & iii) മുകളിൽ പറഞ്ഞവയെല്ലാം

28. സംസ്ഥാന ഭരണകൂടത്തെ രാഷ്ട്രപതി പിരിച്ചു വിടുന്നത് ഭരണഘടനയുടെ ഏത് വകുപ്പ് പ്രകാരമാണ് ?

A) 356 B) 346

C) 324 D) 352

29. സ്വത്തവകാശം എന്ന നിയമപരമായ അവകാശം ഭരണഘടനയുടെ ഏത് വകുപ്പിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ?

A) 299 A B) 300 A

C) 301 A D) 302 A

D

30. മൗലിക കടമകൾ (Fundamental Duties) ഭരണഘടനയുടെ ഏത് ഭാഗത്താണ് ഉൾകൊള്ളുന്നത് ?

A) III  B) IV  C) IV A  D) III A

31. വിഖ്യാത ചിത്രകാരൻ രാജാരവിവർമ്മയുടെ പുത്രനായ എം. രാമവർമ്മരാജ ആദ്യ ചെയർമാനായ അക്കാദമി ഏതാണ് ?

A) കേരള ലളിതകലാ അക്കാദമി

B) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

C) കേരള സാഹിത്യ അക്കാദമി

D) കേരള സംഗീത നാടക അക്കാദമി

32. ഇന്ത്യ ആദ്യ വനിതാ ലോകകപ്പ് ക്രിക്കറ്റ് കിരീടം നേടിയപ്പോൾ ടീം ക്യാപ്റ്റൻ ആരായിരുന്നു ?

A) ഷെഫാലി വർമ്മ  B) സ്മൃതി മന്ഥന

C) ഹർമ്മൻ പ്രീത്കൗർ  D) ദീപ്തി ശർമ്മ

33. കേന്ദ്ര, കേരള സാഹിത്യ അക്കാദമി അവാർഡുകൾ കരസ്ഥമാക്കിയ 'മനുഷ്യന് ഒരു ആമുഖം' എന്ന കൃതിയുടെ രചയിതാവ് ആരാണ് ?

A) എസ്. ഹരീഷ്  B) ടി. ഡി. രാമകൃഷ്ണൻ

C) ഫ്രാൻസിസ് നൊറോണ  D) സുഭാഷ് ചന്ദ്രൻ

34. ക്ഷേത്ര സംസ്കാരത്തിന്റെ ഭാഗമായി എ. ഡി. ആറാം ശതകം മുതൽ കേരളത്തിൽ നിലനിന്നിരുന്ന ദേവദാസി സമ്പ്രദായത്തിൽ നിന്ന് ഉദ്ഭവിച്ചതെന്ന് കരുതപ്പെടുന്ന കലാരൂപം ഏതാണ് ?

A) മുടിയേറ്റ്  B) സർപ്പം തുള്ളൽ

C) മോഹിനിയാട്ടം  D) കാക്കരശ്ശി നാടകം

35. ലോകമെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംരംഭം ഏതാണ് ?

A) സാക്ഷരതാ മിഷൻ  B) മലയാളം മിഷൻ

C) സ്കോൾ കേരള  D) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

36. മാലിന്യ മുക്ത കേരളത്തിനായി കേരള സർക്കാർ നടപ്പിലാക്കിയ പദ്ധതി ഏതാണ് ?
A) സ്നേഹാരാമം പദ്ധതി
B) നവജീവൻ
C) സമാശ്വാസം പദ്ധതി
D) സമന്വയ പദ്ധതി

37. താഴെ സൂചിപ്പിച്ചിരിക്കുന്നതിൽ ഏതു ഹോർമോണാണ് സ്ത്രീ ശരീരത്തിൽ ഗർഭകാലത്ത് മാത്രം ഉൽപ്പാദിപ്പിക്കുന്നത് ?
A) തൈറോക്സിൻ
B) ഹ്യൂമൻ കോറിയോണിക് ഗൊണാഡോട്രോപിൻ
C) ഈസ്ട്രജൻ
D) പ്രൊജസ്റ്റിറോൺ

38. ജലദോഷത്തിന് (Common cold) കാരണമായ രോഗകാരി ഏതാണ് ?
A) റൈനോ വൈറസ് (Rhinovirus)
B) HIV വൈറസ്
C) സ്ട്രെപ്റ്റോകോക്കസ്
D) ബക്ടീരിയോഫേജ്

39. യൂറിക് ആസിഡ് ക്രിസ്റ്റലുകൾ അടിഞ്ഞുകൂടുന്നതു മൂലമുണ്ടാകുന്ന സന്ധി വീക്കം താഴെ സൂചിപ്പിച്ചിരിക്കുന്നവയിൽ ഏതാണ് ?
A) ആർത്രൈറ്റിസ്
B) ഗൗട്ട് (Gout)
C) ടെറ്റനി (Tetany)
D) ഇവയൊന്നുമല്ല

40. മലേറിയ രോഗം പരത്തുന്ന കൊതുക് ഏത് വിഭാഗത്തിൽ പെടുന്നു ?
A) ഫീമെയിൽ അനോഫിലസ് കൊതുക്
B) ഈഡിസ് കൊതുക്
C) ഫീമെയിൽ ക്യൂലക്സ് കൊതുക്
D) ഇവയൊന്നുമല്ല

41. താഴെ പറയുന്നവയിൽ ഇന്ത്യൻ ആസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ ഏതെല്ലാം ?
i. സാമ്പത്തിക വളർച്ച
ii. സ്വാശ്രയത്വം
iii. നീതി
iv. നവീകരണം
A) i, ii, iii
B) i, iii, iv
C) ii, iii, iv
D) ഇവയെല്ലാം

42. കേന്ദ്ര ബാങ്കിന്റെ ധർമ്മങ്ങളിൽ പെടാത്തത് ഏത് ?

i. കറൻസി നോട്ടടിച്ചിറക്കുക

ii. ബാങ്കുകളുടെ ബാങ്ക്

iii. നികുതി നിരക്ക് നിശ്ചയിക്കുക

iv. ഗവൺമെന്റിന്റെ ബാങ്ക്

A) ii മാത്രം

B) iii മാത്രം

C) iii & iv

D) i & ii

43. നീതി ആയോഗുമായി ബന്ധപ്പെട്ട് ശരിയായത് ഏത് ?

i. ആസ്ഥാനം ന്യൂഡൽഹിയിലെ നീതിഭവൻ.

ii. സ്ഥാപിതമായത് 2015 ജനുവരി ഒന്നിന്.

iii. നിലവിലുള്ള സി. ഇ. ഒ. പരമേശ്വരൻ അയ്യർ ആണ്.

A) i, ii, iii

B) ii, iii

C) i, ii

D) i, iii

44. 'കേവല ഭൂരിപക്ഷ സമ്പ്രദായം' (Simple majority) എന്ന തെരഞ്ഞെടുപ്പ് സമ്പ്രദായത്തിന് അനുയോജ്യമല്ലാത്ത പ്രസ്താവന ഏതെല്ലാം ?

i. ഒരു പാർട്ടിക്ക് ലഭിക്കുന്ന വോട്ടിംഗ് ശതമാനത്തേക്കാൾ കൂടുതലായിരിക്കു അ പാർട്ടിക്ക് ലഭിക്കുന്ന സീറ്റുകളുടെ എണ്ണം.

ii. വോട്ടർ വോട്ടുചെയ്യുന്നത് പാർട്ടി ലിസ്റ്റുകൾക്കായിരിക്കും.

iii. വോട്ടിംഗ് ശതമാനത്തിനനുസരിച്ച് നിയമസഭയിൽ പ്രാതിനിധ്യം ലഭിക്കുന്നു.

A) i & ii മാത്രം

B) i & iii മാത്രം

C) ii & iii മാത്രം

D) (i, ii & iii) ഇവയെല്ലാം

D

45. മൗലിക അവകാശങ്ങളിൽ ഉൾപ്പെടുന്ന അവകാശങ്ങൾ ഏതെല്ലാം ?
   i. ജോലി ചെയ്യാനുള്ള അവകാശം.
   ii. സാമ്പത്തിക ചൂഷണത്തിനെതിരായ അവകാശം.
   iii. സാമൂഹികവും സാമ്പത്തികവുമായ നീതിക്കുള്ള അവകാശം.
   A) ii & iii മാത്രം
   B) i & ii മാത്രം
   C) i & iii മാത്രം
   D) ഇവയൊന്നുമല്ല

46. ഇന്ത്യയുടെ 2025-ലെ സ്വാതന്ത്ര്യദിനാഘോഷവുമായി ബന്ധപ്പെട്ട പ്രസ്താവനയിൽ ശരിയായത് ഏത് ?
   i. 78-ാമത്തെ സ്വാതന്ത്ര്യദിനാഘോഷമായിരുന്നു.
   ii. 80-ാമത്തെ സ്വാതന്ത്ര്യദിനാഘോഷമായിരുന്നു.
   iii. വിശിഷ്ടാതിഥികളായി മറ്റ് രാജ്യതലവൻമാർ ഉണ്ടായിരുന്നില്ല.
   iv. 79-ാമത്തെ സ്വാതന്ത്ര്യദിനാഘോഷമായിരുന്നു.
   A) i, iii
   B) iii, iv
   C) ii, iii
   D) iv മാത്രം

47. ഗ്രാവിറ്റി അനോമലിയുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവനയെ കണ്ടെത്തുക.
   i. വസ്തുക്കളുടെ പിണ്ഡത്തിലുള്ള വ്യത്യാസം ഗ്രാവിറ്റി അനോമലിക്ക് കാരണമാണ്.
   ii. ശിലാവസ്തുക്കളുടെ ഘടനാ വ്യത്യാസം ഗ്രാവിറ്റി അനോമലിക്ക് കാരണമാണ്.
   iii. ഭൗമകേന്ദ്രത്തിൽ നിന്നുള്ള അകലം ഗ്രാവിറ്റി അനോമലിക്ക് കാരണമാണ്.
   A) i മാത്രം
   B) ii മാത്രം
   C) iii മാത്രം
   D) (i, ii, iii) മൂന്നും

48. ഇന്ത്യയുടെ ഉത്തരപർവ്വത മേഖലയിൽ കാണപ്പെടുന്ന ലവണജല തടാകം ഏതാണ് ?
   A) വുളാർ തടാകം
   B) രാകാസ് തടാകം
   C) പാംഗോങ്ങ്സോ തടാകം
   D) ദാൽ തടാകം

49. സർവ്വേ ഓഫ് ഇന്ത്യയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന പട്ടണം

A) ഡാർജിലിങ്
B) ഡെറാഡൂൺ
C) സിംല
D) മുസൂറി

50. ആൻഡമാൻ നിക്കോബാർ ദ്വീപുകളെ വേർതിരിക്കുന്ന കടൽ ചാനൽ ഏതാണ് ?

A) 11° ചാനൽ
B) 10° ചാനൽ
C) 9° ചാനൽ
D) 8° ചാനൽ

51. 15.625 ന്റെ ക്യൂബ് റൂട്ട് __________ ആണ്.

A) $\frac{7}{2}$
B) $\frac{3}{2}$
C) $\frac{9}{2}$
D) $\frac{5}{2}$

52. $\left(\left(x^{a-a^{-1}}\right)^{\frac{1}{a-1}}\right)^{\frac{a}{a+1}} =$

A) $x$
B) $x^{1/a}$
C) $x^{a}$
D) $x^{\frac{1}{a+1}}$

53. A 512, E 216, __________, M 8

A) G 36
B) G 32
C) I 64
D) I 36

54. 30/9/2017 മുതൽ 5 വർഷവും 5 മാസവും 5 ദിവസവും പൂർത്തിയാകുന്ന തീയതി

A) 2/12/2023
B) 2/3/2022
C) 1/2/2022
D) 5/3/2023

55. ആമി ഒരു വർഷത്തിൽ മൂന്ന് പരീക്ഷകൾ എഴുതി. ആദ്യ പരീക്ഷയേക്കാൾ യഥാക്രമം 10 ഉം 11 ഉം മാർക്ക് കൂടുതലാണ് രണ്ടും മൂന്നും പരീക്ഷകളിൽ ആമി നേടിയത്. ആമിയുടെ ശരാശരി മാർക്ക് കുറഞ്ഞത് 75 ആണെങ്കിൽ ആദ്യ പരീക്ഷക്ക് ആമിക്ക് ലഭിക്കേണ്ട കുറഞ്ഞ മാർക്ക് എത്രയാണ് ?

A) 56
B) 68
C) 70
D) 78

56. ഒരു ചതുരത്തിന്റെ വിസ്തീർണ്ണം 100 $cm^2$ ആണ്. അതിന്റെ ഡയഗണലിൽ വരച്ചിരിക്കുന്ന വൃത്തത്തിന്റെ വിസ്തീർണ്ണം എത്രയാണ് ?

A) $25\pi\ cm^2$
B) $30\pi\ cm^2$
C) $50\pi\ cm^2$
D) ഇവയൊന്നുമല്ല


57. ഒരു വാച്ചിന്റെ മിനിറ്റ് സൂചി 1.5 cm നീളമുള്ളതാണ്. 30 മിനിറ്റിൽ അതിന്റെ അഗ്രം സഞ്ചരിച്ച ദൂരം കണക്കാക്കുക. ($\pi = 3.14$)

A) 3.14 cm
B) 4.71 cm
C) 1.72 cm
D) 6.28 cm

58. അച്ഛന്റെ വയസ്സ് മകന്റെ വയസ്സിന്റെ 5 ഇരട്ടിയാണ്. 4 വർഷം മുമ്പ് അച്ഛന്റെ വയസ്സ് മകന്റെ വയസ്സിന്റെ 9 ഇരട്ടി ആയിരുന്നു. അവരുടെ ഇപ്പോഴത്തെ പ്രായം എത്ര ?

A) 25, 5
B) 30, 6
C) 35, 7
D) 40, 8

59. ഒരു വാസ്തുശില്പ ഘടന നൽകിയിരിക്കുന്ന ചിത്രത്തിൽ കാണിച്ചിരിക്കുന്നതു പോലെ 0.5 cm, 1 cm, 1.5 cm, 2 cm, ... ആരമുള്ള A യിൽ നിന്നാരംഭിച്ച് A യിലും B യിലും മാറിമാറി കേന്ദ്രങ്ങളുള്ള തുടർച്ചയായ അർദ്ധവൃത്തങ്ങളാൽ നിർമ്മിതമാണ്. 13 അർദ്ധവൃത്തങ്ങൾ ചേർന്ന അത്തരമൊരു വാസ്തുശില്പ ഘടനയുടെ ആകെ നീളം എത്ര ? $\left(\pi = \frac{22}{7}\right)$




A) 143 cm
B) 140 cm
C) 150 cm
D) 147 cm

60. R = 18 RAT = 39 എങ്കിൽ CAP =

A) 23
B) 29
C) 20
D) 35

61. He _________ the documents before signing.
A) looked over
B) looked out
C) looked after
D) looked up

62. He made a ________, talking to his friend loudly during the ceremony.
A) cliché
B) faux pas
C) déjà vu
D) bon voyage

63. You ________ understood it better if you had listened carefully.
A) would have
B) will have
C) won't have
D) wouldn't have

64. He bought ___________ toy for his son.
A) the UFO
B) whole UFO
C) a UFO
D) an UFO

65. The treasure was buried ________ an old oak tree.
A) at
B) in
C) beneath
D) on

66. Few people understood, _______
A) didn't they ?
B) had they ?
C) hadn't they ?
D) did they ?

67. The bikers had a moonlit __________ by the riverside.
A) rondecvous
B) rondevouz
C) rendesvouz
D) rendezvous

68. "That designer dress cost her an arm and a leg" means
A) The dress is a misfit
B) The dress is extremely costly
C) The dress caused injury to her body
D) The dress is beautiful

69. "The teacher made them write an essay" can be reframed as
A) They were made to write an essay.
B) They were being made to write an essay.
C) They had been made to write an essay.
D) They were made write an essay.

70. Between you and _____, this plan might fail.
A) us
B) I
C) me
D) them

D

71. ഉദാരൻ എന്ന പദത്തിന്റെ വിപരീതാർത്ഥമായി വരുന്ന പദം ഏത് ?

A) സുദാരൻ
B) കൃപണൻ
C) കൃതാർത്ഥൻ
D) കൃത്യവിലോമൻ

72. 'പെരുമ്പറ' എന്ന പദം പിരിച്ചെഴുതുക.

A) പെരും + പറ
B) പെരും + അമ്പറ
C) പെരു + പറ
D) പെരുമ് + അമ്പറ

73. 'അഞ്ചാറ് ' എന്ന പദത്തെ ഘടക പദങ്ങളാക്കുക.

A) അഞ്ചോ ആറോ
B) അഞ്ചും ആറും
C) ആറിൽ അഞ്ച്
D) അഞ്ച് അല്ലെങ്കിൽ ആറ്

74. 'വയറ്റത്തടിക്കുക' എന്ന ശൈലിയുടെ അർത്ഥത്തെ സൂചിപ്പിക്കാത്ത പ്രയോഗം ഏത് ?

A) ഗതിമുട്ടിക്കുക
B) കഷ്ടപ്പെടുത്തുക
C) ദു:ഖിപ്പിക്കുക
D) സന്തോഷിപ്പിക്കുക

75. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പദം ഏത് ?

A) വിഡ്ഢിത്തം
B) വിഡ്ഢിത്തം
C) വിഡ്ഢിത്ത്വം
D) വിഡ്ഢിത്തം

76. വില്ല് എന്നർത്ഥം വരാത്ത പദം

A) ചാപം
B) കാർമുകം
C) അമ്പ്
D) കോദണ്ഡം

77. 'പുത്രന്റെ ഭാര്യ' എന്ന അർത്ഥം വരുന്ന പദം ഏത് ?

A) പൗത്രി
B) സ്നുഷ
C) ദൗഹിത്രി
D) ധാത്രി

78. 'To root out' എന്ന ഇംഗ്ലീഷ് ശൈലിയുടെ ശരിയായ പരിഭാഷ ഏത് ?

A) സ്ഥാനം പിഴയ്ക്കുക
B) നന്ദികേട് കാണിക്കുക
C) ഉന്മൂലനം ചെയ്യുക
D) ഹരിശ്രീ കുറിക്കുക

79. കർത്താവ് എന്ന പദത്തിന്റെ എതിർലിംഗമായി വരുന്ന പദം

A) കർത്ത്യണി
B) കരിണി
C) കർത്രി
D) കർമ്മി

80. താഴെ തന്നിരിക്കുന്നതിൽ ബഹുവചനത്തിന് ഉദാഹരണം

A) ഭട്ടർ
B) മാരാർ
C) മിടുക്കർ
D) തട്ടാർ

81. കേരളത്തിൽ 23 വയസുള്ള ഒരാൾക്ക് ജിൻ മദ്യത്തിന്റെ ആൽക്കഹോൾ വീര്യവും കൈവശം വെക്കാവുന്ന പരമാവധി അളവ്

A) 65°P & 3 ലിറ്റർ

B) 75°P & 3 ലിറ്റർ

C) 65°P & 2 ലിറ്റർ

D) 75°P & 2 ലിറ്റർ

82. പരമാവധി 12 മണിക്കൂർ പ്രവർത്തന സമയമുള്ള ടോഡി ഷോപ്പുകളും FL-1 ഷോപ്പുകളും പ്രവർത്തിക്കുന്ന സമയപരിധി യഥാക്രമം

A) രാവിലെ 8 മുതൽ രാത്രി 10 വരെയും രാവിലെ 9 മുതൽ രാത്രി 11 വരെ

B) രാവിലെ 8 മുതൽ രാത്രി 8 വരെയും രാവിലെ 9 മുതൽ രാത്രി 9 വരെ

C) രാവിലെ 9 മുതൽ രാത്രി 11 വരെയും രാവിലെ 8 മുതൽ രാത്രി 10 വരെ

D) രാവിലെ 8 മുതൽ രാത്രി 8 വരെയും രാവിലെ 11 മുതൽ രാത്രി 11 വരെ

83. പുകയില ഉൽപ്പന്നങ്ങൾ കൈവശം വയ്ക്കുന്നതിനും ഉപയോഗിക്കുന്നതിനും നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ പ്രായപരിധി

A) 18
B) 21
C) 23
D) നിശ്ചയിച്ചിട്ടില്ല

84. സിഗരറ്റ് പാക്കറ്റുകളിൽ മുന്നറിയിപ്പ് നൽകുന്നതിനെക്കുറിച്ച് വിശദീകരിക്കുന്ന COTP നിയമത്തിലെ വകുപ്പ്

A) 4
B) 6
C) 7
D) 12

85. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് 100 യാർഡ് ചുറ്റളവിനുള്ളിൽ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന നിരോധിച്ചിരിക്കുന്നത് ഏത് വകുപ്പുപ്രകാരം ?

A) 7(a)
B) 8
C) 6(b)
D) 5(b)

86. കേരള അബ്കാരി നിയമവുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന ശരിയായ പ്രസ്താവനകൾ ഏവ ?

i. ''അബ്കാരി'' എന്നത് പേർഷ്യൻ ഭാഷയിലെ ഒരു പദം ആണ്.

ii. അബ്കാരി നിയമപ്രകാരം പ്രായപൂർത്തിയായ ഒരാൾക്ക് 3 ലിറ്റർ വിദേശമദ്യം കൈവശം വയ്ക്കാവുന്നതാണ്.

iii. കേരളത്തിൽ മദ്യ ഉപഭോഗം അനുവദിച്ചിരിക്കുന്ന ഏറ്റവും കുറഞ്ഞ പ്രായ പരിധി 23 വയസ്സാണ്.

iv. കേരളം, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കിയ നിയമമാണ് ''കേരള അബ്കാരി ആക്റ്റ്''.

A) എല്ലാം ശരിയാണ്
B) i, ii, iv മാത്രം ശരിയാണ്
C) i, iii, iv മാത്രം ശരിയാണ്
D) i, ii, iii മാത്രം ശരിയാണ്

87. വിമുക്തി മിഷനുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന ശരിയായ പ്രസ്താവന ഏവ ?

i. ലഹരി വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തിൽ കേരള ഗവൺമെന്റ് ആരംഭിച്ച ഒരു പദ്ധതിയാണ് ''വിമുക്തി മിഷൻ''.

ii. വിമുക്തി മിഷന്റെ ചെയർമാൻ കേരള എക്സൈസ് വകുപ്പ് മന്ത്രിയാണ്.

iii. വിമുക്തി മിഷൻ നേതൃത്വം നൽകുന്നത് കേരള എക്സൈസ് വകുപ്പാണ്.

iv. ലഹരിക്ക് അടിമപ്പെട്ട വ്യക്തികളെ ചികിത്സയിലൂടെയും കൗൺസ്സിംഗിലൂടെയും തിരികെകൊണ്ടുവരിക, നവ തലമുറ ലഹരിക്കെണിയിൽ വീഴാതെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തിൽ രൂപീകരിക്കപ്പെട്ട മിഷൻ ആണ് ''വിമുക്തി മിഷൻ''.

A) എല്ലാ പ്രസ്താവനകളും ശരിയാണ്
B) i, ii, iii മാത്രം ശരി
C) i, iii, iv മാത്രം ശരി
D) ii, iii, iv മാത്രം ശരി

88. കേരള അബ്കാരി ആക്റ്റ് പ്രകാരം കേരളത്തിൽ ഡ്രൈ ഡേ വിജ്ഞാപനവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ ഏവ ?

i. ''ശ്രീനാരായണഗുരു ജയന്തി'' കേരളത്തിൽ ഡ്രൈ ഡേ ആണ്.

ii. ''രക്തസാക്ഷി ദിനം'' കേരളത്തിൽ ഡ്രൈ ഡേ ആണ്.

iii. ''മന്നം ജയന്തി'' കേരളത്തിൽ ഡ്രൈ ഡേ ആണ്.

iv. ''ശ്രീനാരായണഗുരു സമാധി'' ദിനം കേരളത്തിൽ ഡ്രൈ ഡേ ആണ്.

A) മേൽ പ്രസ്താവനകൾ എല്ലാം ശരി
B) i, ii, iii മാത്രം ശരി
C) i, ii, iv മാത്രം ശരി
D) i, iii, iv മാത്രം ശരി

89. NDPS നിയമവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ പരിശോധിക്കുക.

i. കേരള ഗവൺമെന്റ് 1985-ൽ പാസാക്കിയ നിയമമാണ് NDPS Act, 1985.

ii. മയക്കുമരുന്നു കച്ചവടത്തിലൂടെ നേടിയ അനധികൃത സമ്പത്ത് കണ്ടുകെട്ടുന്നതിനുള്ള അധികാരം മേൽ നിയമത്തിൽ ഉണ്ട്.

iii. മയക്കുമരുന്ന് ഉപയോഗിക്കുന്നത് മേൽ നിയമപ്രകാരം കുറ്റകരമാണ്.

iv. വധശിക്ഷ നൽകാവുന്ന വകുപ്പുകൾ മേൽ നിയമപ്രകാരം നിലവിൽ ഉണ്ട്.

A) എല്ലാ പ്രസ്താവനകളും ശരിയാണ്

B) i, ii, iii എന്നിവ മാത്രം ശരി

C) ii, iii, iv എന്നിവ മാത്രം ശരി

D) i, iii, iv എന്നിവ മാത്രം ശരി

90. NDPS നിയമ പ്രകാരം ഒരു പ്രതിയെ അറസ്റ്റ് ചെയ്യുമ്പോൾ ദേഹ പരിശോധന നടത്തുന്നതിന് ഗസറ്റഡ് ഓഫീസറുടെ സാന്നിദ്ധ്യം ആവശ്യമാണ്. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകൾ പരിശോധിക്കുക.

i. പോലീസ് വകുപ്പിലെ ഗസറ്റഡ് ഓഫീസർമാരുടെ സാന്നിദ്ധ്യം ഉറപ്പാക്കാവുന്നതാണ്.

ii. എക്സൈസ് വകുപ്പിലെ ഗസറ്റഡ് ഓഫീസർമാരുടെ സാന്നിദ്ധ്യം ഉറപ്പാക്കാവുന്നതാണ്.

iii. ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പൾമാരുടെ സാന്നിദ്ധ്യം ഉറപ്പാക്കാവുന്നതാണ്.

iv. റവന്യൂ വകുപ്പിലെ തഹസിൽദാർമാരുടെ സാന്നിദ്ധ്യം ഉറപ്പാക്കാവുന്നതാണ്.

A) i, ii, iv എന്നിവ മാത്രം ശരി

B) i, ii, iii എന്നിവ മാത്രം ശരി

C) ii, iii, iv എന്നിവ മാത്രം ശരി

D) എല്ലാം ശരി

91. ലഹരിമദ്യങ്ങളുടെ നിരോധനം ഏത് പട്ടികയിലുള്ള വിഷയമാണ് ?

A) സംസ്ഥാന പട്ടിക

B) കേന്ദ്ര പട്ടിക

C) സംയുക്ത പട്ടിക

D) മുകളിലുള്ളതൊന്നുമല്ല

92. വിമുക്തി മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആര് ?

A) നടൻ മോഹൻലാൽ

B) എക്സൈസ് അഡീഷണൽ കമ്മീഷണർ

C) എക്സൈസ് കമ്മീഷണർ

D) വിമുക്തി മാനേജർ

93. ഇന്ത്യയിൽ മയക്കുമരുന്ന് വിരുദ്ധ പ്രചാരണം ഏതാണ് ?

A) നശാമുക്ത് ഭാരത്

B) വിമുക്തി മിഷൻ

C) സേ നോ ടു ഡ്രഗ്സ്

D) ഡ്രഗ് ഫ്രീ ഇന്ത്യ

94. 2000-ലെ ഇൻഫർമേഷൻ ടെക്നോളജി ആക്റ്റിന്റെ സെക്ഷൻ 65 പ്രകാരം ഒരു കുറ്റകൃത്യത്തിന് ആവശ്യമായ മാനസിക ഘടകം എന്താണ് ?

A) അശ്രദ്ധ (Negligence)

B) അശ്രദ്ധാപരമായ പെരുമാറ്റം (Recklessness)

C) അറിവും ഉദ്ദേശ്യവും (Knowledge and Intention)

D) കർശന ഉത്തരവാദിത്വം (Strict Liability)

95. 2000-ലെ ഇൻഫർമേഷൻ ടെക്നോളജി ആക്റ്റിന്റെ സെക്ഷൻ 72 പ്രകാരം പ്രധാനമായും ലക്ഷ്യമിടുന്ന വ്യക്തികളുടെ വിഭാഗം ഏത് ?

A) സിസ്റ്റം ദൗർബല്യങ്ങൾ ചൂഷണം ചെയ്യുന്ന സ്വകാര്യ ഹാക്കർമാർ

B) ഐടി ആക്റ്റ്/ചട്ടങ്ങൾ പ്രകാരം അധികാരം വിനിയോഗിക്കുന്ന ഉദ്യോഗസ്ഥർ

C) പൊതു Wi-Fi നെറ്റ് വർക്ക് ഉപയോഗിക്കുന്ന പൊതുജനം

D) സോഷ്യൽ മീഡിയ കമ്പനികളിലെ ജീവനക്കാർ

96. Distillery & Warehouse Rule പ്രകാരം താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏത് ?

i. ഡിസ്റ്റിലറികളിൽ ഉൽപ്പാദിക്കപ്പെടുന്ന മദ്യം നേരിട്ട് KSBC യുടെ FL-1 ഷോപ്പിലേക്ക് എത്തിക്കാവുന്നതാണ്.

ii. ഡിസ്റ്റിലറികളിൽ ഉൽപ്പാദിക്കപ്പെടുന്ന മദ്യം നേരിട്ട് FL-3 Bar Hotel കളിൽ എത്തിക്കാവുന്നതാണ്.

iii. ഡിസ്റ്റിലറികളിൽ ഉൽപ്പാദിക്കപ്പെടുന്ന മദ്യം നേരിട്ട് KSBC യുടെ FL-9 ഷോപ്പിലേക്ക് എത്തിക്കാവുന്നതാണ്.

iv. ഡിസ്റ്റിലറികളിൽ ഉൽപ്പാദിക്കപ്പെടുന്ന മദ്യം അവിടെത്തന്നെ മിതമായ അളവിൽ ചില്ലറ വിൽപ്പന നടത്താവുന്നതാണ്.

A) i മാത്രം ശരി

B) i, ii, iii മാത്രം ശരി

C) iii മാത്രം ശരി

D) എല്ലാം ശരി

97. Distillery & Warehouse നിയമ പ്രകാരം താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏത് ?

i. സ്പിരിറ്റ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന മൊളാസിസിന് വെളുത്ത നിറം ആണ്.

ii. സ്പിരിറ്റ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന മൊളാസിസിന് കടും പച്ചനിറം ആണ്.

iii. സ്പിരിറ്റ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന മൊളാസിസിന് ഇരുണ്ട തവിട്ട് നിറം ആണ്.

iv. സ്പിരിറ്റ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന മൊളാസിസിന്റെ നിറം പച്ചയാണ്.

A) iv ശരി

B) iii ശരി

C) ii ശരി

D) i ശരി

98. 1968-ലെ Distillery & Warehouse നിയമപ്രകാരം താഴെ പറയുന്ന ശരിയായ പ്രസ്താവനകൾ ഏവ ?

i. സ്പിരിറ്റ് പാനയോഗ്യമല്ലാതാക്കി മാറ്റുന്നതിന് മെത്തനോൾ ചേർക്കാറുണ്ട്.

ii. സ്പിരിറ്റ് പാനയോഗ്യമല്ലാതാക്കി മാറ്റുന്നതിന് ബെൻസീൻ ചേർക്കാറുണ്ട്.

iii. സ്പിരിറ്റ് പാനയോഗ്യമല്ലാതാക്കി മാറ്റുന്നതിന് പൈരിഡിൻ ചേർക്കാറുണ്ട്.

iv. സ്പിരിറ്റ് പാനയോഗ്യമല്ലാതാക്കി മാറ്റുന്നതിന് അസറ്റോൺ ചേർക്കാറുണ്ട്.

A) മേൽ പ്രസ്താവനകൾ എല്ലാം ശരിയാണ്

B) മേൽ പ്രസ്താവനകൾ എല്ലാം തെറ്റാണ്

C) i, ii, iii എന്നിവ മാത്രം ശരി

D) i, iii, iv എന്നിവ മാത്രം ശരി

99. കേരള അബ്കാരി നിയമ പ്രകാരം കുറ്റകരമായ പ്രസ്താവനകൾ ഏവ ?

i. പൊതു സ്ഥലത്ത് മദ്യപിക്കുന്നത് കുറ്റകരമാണ്.

ii. 21 വയസിന് താഴെ പ്രായം ഉള്ള വ്യക്തികൾ മദ്യം വിൽപ്പന നടത്തുന്നത് കുറ്റകരമാണ്.

iii. 21 വയസ് പ്രായം ഉള്ള വ്യക്തി മദ്യം ഉപയോഗിക്കുന്നത് കുറ്റകരമാണ്.

iv. പ്രായ പൂർത്തിയായ ഒരാൾ സ്വന്തം ആവശ്യത്തിന് തെങ്ങ് ചെത്തി കള്ള് ഉപയോഗിക്കുന്നത് കുറ്റകരമാണ്.

A) മേൽ പ്രസ്താവനകൾ എല്ലാം ശരിയാണ്

B) i, ii, iii എന്നിവ മാത്രം ശരി

C) i, iii, iv എന്നിവ മാത്രം ശരി

D) മേൽ പ്രസ്താവനകൾ എല്ലാം തെറ്റാണ്

100. കേരളത്തിൽ വിൽക്കുന്ന ബിയറിന്റെയും വൈനിന്റെയും കുറഞ്ഞതും കൂടുതലുമായ ആൽക്കഹോൾ വീര്യം യഥാക്രമം

A) 0% മുതൽ 6% വരെയും 8% മുതൽ 15.5% വരെ

B) 5% മുതൽ 6% വരെയും 8% മുതൽ 15.5% വരെ

C) 0% മുതൽ 6% വരെയും 0% മുതൽ 15.5% വരെ

D) 0% മുതൽ 6% വരെയും 0% മുതൽ 8% വരെ